**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1327** **04-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ കടമക്കുടി സമഗ്ര ഗ്രാമീണ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പരിഗണനയിലിരിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ദ്വീപുകൾ കേന്ദ്രീകരിച്ചുള്ള സമഗ്ര ഗ്രാമീണ ടൂറിസം പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ഈ പദ്ധതിയുടെ DPR 2019 ൽ തയ്യാറാക്കി എങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്ഥലലഭ്യതാനുമതി പത്രം ലഭിക്കാത്തതിനാൽ ടൂറിസം വകുപ്പിന് പരിഗണിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്ഥലാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ